**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **27-07-2021 - ൽ മറുപടിയ്ക്ക്**

**എൻജിനീയറിങ് കോളേജുകളുടെ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എൻജിനീയറിങ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി നടത്തിയ അക്കാദമിക ഓഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം വിലയിരുത്താനായി നടത്തുന്ന അക്കാദമിക ഓഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ പറയും പ്രകാരമാണ്. വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള ക്ലാസ് /കോഴ്സ് കമ്മിറ്റികൾ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾ വിലയിരുത്തുന്നതിൽ  സഹായകരമാണ്. ഓരോ സെമെസ്റ്ററിലും വിദ്യാർത്ഥികളിൽ നിന്നും എടുക്കുന്ന ഫീഡ്ബാക്ക് പഠന പരിപാടികൾ ഏറെ കാര്യക്ഷമമാക്കുന്നതിന് സഹായകരമാണ്. കോളേജുകളിൽ Internal Quality Assurance Cell രൂപീകരിച്ചത് ഓഡിറ്റ് ഏകോപിപ്പിക്കുന്നതിനു സഹായിക്കുന്നു. പഠന വിഷയങ്ങൾ പൂർത്തീകരിക്കുന്നതിൽ പൂർണത കൈവരിക്കുന്നതിനും ഓഡിറ്റിംഗ് നടത്തുന്നതുമൂലം സാധിക്കുന്നു. പരീക്ഷകളും മറ്റുവിലയിരുത്തലുകളും സമയാധിഷ്ഠിതമായി പൂർത്തീകരിക്കു ന്നതിനും അത് വിദ്യാർത്ഥികളെ അറിയിക്കുന്നതിനും അതുവഴി അവരുടെ പഠന നിലവാരത്തെ മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. നൂതനമായ സാങ്കേതിക വിദ്യകൾ അധ്യാപനത്തിലും പഠനത്തിലും ഉപയോഗിക്കുവാൻ ഏറെ സഹായിക്കുന്നു.        വിദ്യാർത്ഥികളുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനാവശ്യമായ പരിപാടി കൾ ചിട്ടപ്പെടുത്തുന്നതിന് സഹായിക്കുന്നു. വിദ്യാർത്ഥികളുടെ പ്രൊഫഷണൽ മികവുകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ മറ്റ് പരിശീലന പരിപാടികൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും ഓഡിറ്റ് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ